# 26. അഴിമതിയും ഇന്ത്യയിലെ പാർലമെൻററി ഭരണസമ്പ്രദായവും

ഒരു തലമുറ മുമ്പുവരെ 'സത്യസന്ധരുടെ രാഷ്ട്രം' ആയിരുന്ന ഇന്ത്യ സ്വാതന്ത്ര്യലാഭത്തിനുശേഷം എങ്ങനെ 'കള്ളന്മാരുടെ രാഷ്ട്രം' ആയി മാറി എന്നു വിവരിച്ചുകൊണ്ടും, ഭരണതലത്തിൽ വ്യാപകമായി വേരൂന്നിയിട്ടുള്ള അഴിമതിക്ക് മൗലികങ്ങളായ ചില പരിഹാരങ്ങൾ നിർദ്ദേശിച്ചുകൊണ്ടും, 1981 ഡിസംബർ 22—ാം തീയതി, അന്ന് ജമ്മു—കാശ്മീർ സംസ്ഥാനത്തിലെ ഗവർണർ ആയിരുന്ന ശ്രീ ബി. കെ. നെഹ്റു ശ്രദ്ധേയമായ ഒരു പ്രസംഗം മദ്രാസിൽ ചെയ്യുകയുണ്ടായി. 1982 ജനുവരി 17—ാം തീയതിയിലെ 'കുങ്കുമ'ത്തിൽ എഴുതിയ 'അഴിമതിയുടെ വേരുകൾ' എന്ന മുഖപ്രസംഗത്തിൽ ഈ പ്രസംഗത്തിലെ നിർദ്ദേശങ്ങൾ സംക്ഷേപിച്ചുചേർത്തിരുന്നു.

1987 മാർച്ച് 7—ാം തീയതി മദ്രാസിൽചെയ്ത ടി.ടി. കൃഷ്ണമാചാരി സ്മാരക പ്രസംഗത്തിൽ ശ്രീ നെഹ്റു ഇതേ പ്രശ്നങ്ങൾ വീണ്ടും കുറേക്കൂടി വിശദമായി പരിശോധിച്ചിട്ടുണ്ട്.

അഗാധമായ ഒരു പ്രതിസന്ധി ഇന്ത്യയെന്ന രാഷ്ട്രത്തെ ഗ്രസിച്ചിരിക്കുകയാണെന്ന് ശ്രീ നെഹ്റു കരുതുന്നു. നിരപരാധികൾ കൊലചെയ്യപ്പെടുന്നതിന്റെ വാർത്തകളാണ് എന്നും പഞ്ചാബിൽനിന്നു കിട്ടിക്കൊണ്ടിരിക്കുന്നത്. വിഘടനവാദം അവിടെ ശക്തിപ്പെട്ടിരിക്കുന്നു. രാഷ്ട്രം മതനിരപേക്ഷമായിരിക്കണമെന്ന തത്ത്വംതന്നെ പഞ്ചാബിൽ വെല്ലുവിളിക്കപ്പെട്ടിരിക്കുന്നു. ത്രിപുര, മണിപ്പൂർ, നാഗാലാൻഡ് എന്നീ പ്രദേശങ്ങളിലുമുണ്ട് ഏറിയോ, കുറഞ്ഞോ ഇതേ പ്രശ്നങ്ങൾ. ബംഗാളിൽ ഗോർഖവിഘടനവാദം ആപൽക്കരമായി വളർന്നുകൊണ്ടിരിക്കുന്നു. അസമിലും സമാധാനം സ്ഥാപിതമായിട്ടില്ല. ജാതി, മതം, ഭാഷ എന്നിവയെ ആസ്പദമാക്കിയുള്ള അക്രമപ്രവർത്തനങ്ങൾ ഇന്ത്യയിൽ എവിടെയും വൻതോതിൽ പൊട്ടിപ്പുറപ്പെടാൻ നിസ്സാരകാരണങ്ങൾ മതി. നീതിനേടുക,സാധാരണപൗരനെ സംബന്ധിച്ചിടത്തോളം അസാദ്ധ്യമായിരിക്കുന്നു. വിഭാഗീയനേതാക്കൾ സംഘടിപ്പിക്കുന്ന പണിമുടക്കുകൾ, ബന്ദുകൾ, ഘരാവോകൾ, 'വഴിതടയൽ' പ്രക്ഷോഭണങ്ങൾ മുതലായവ പൊതുജനങ്ങളെ കണക്കററു കഷ്ടപ്പെടുത്തുന്നു. സ്ഥിരതയും ഐക്യവുമുള്ള ഒരു മതനിരപേക്ഷരാഷ്ട്രം എന്ന നിലയിൽ നമ്മുടെ അസ്തിത്വത്തെത്തന്നെ ഭീഷണിപ്പെടുത്തുന്ന ഇത്തരം പ്രശ്നങ്ങളെ വേണ്ട സമയത്തും വേണ്ടത്ര കരുത്തോടെയും നേരിടാൻ ഇവിടത്തെ ഭരണസംവിധാനത്തിനു കഴിവില്ലെന്നു വ്യക്തമായിരിക്കുന്നു. മറിച്ച് ഇന്നത്തെ ഭരണസംവിധാനത്തിന്റെ ലക്ഷ്യംതന്നെ ഇത്തരം കുഴപ്പങ്ങളെ കുത്തിപ്പൊക്കി വളർത്തുകയാണെന്നു തോന്നിക്കത്തക്കവിധത്തിലാണ് രാഷ്ട്രീയപ്പാർട്ടികളും രാഷ്ട്രീയപ്രവർത്തകന്മാരും പെരുമാറുന്നത് എന്നുകൂടി പറയേണ്ടതുണ്ട്.

ജനശ്രദ്ധയാകർഷിക്കാനും, സ്വാധീനവും വോട്ടും നേടാനും, അധികാരം പിടിച്ചുപററാനും ആഗ്രഹിക്കുന്നവർ നമ്മുടെ നാട്ടിൽ ചെയ്യേണ്ടതും, ഇന്നു ചെയ്യുന്നതും കഴിയുന്നത്ര കൂടുതൽ കുഴപ്പങ്ങൾ കുത്തിപ്പൊന്തിച്ചു വളർത്തുകയാണ് എന്നതല്ലേ പരമാർത്ഥം? ഈ രാഷ്ട്രീയരോഗത്തിന് ഹ്രസ്വകാല പരിഹാരം ഇല്ല. പക്ഷേ, രാഷ്ട്രീയപ്പാർട്ടികൾ ഒന്നിനും

ഹ്രസ്വകാലപരിപാടികളിലല്ലാതെ ദീർഘകാലപരിഹാരങ്ങളിൽ താല്പര്യമില്ല.

എങ്കിലും നമ്മുടെ ഭരണസംവിധാനത്തിൽ മൗലികമായ ചില മാററങ്ങൾ വരുത്താൻ കാലമായിരിക്കുന്നു എന്ന ബോധം ചില ചിന്തകരെങ്കിലും പ്രകടിപ്പിച്ചുതുടങ്ങിയിട്ടുണ്ട്. കോൺഗ്രസ്സിലെ ശ്രീ വസന്ത് സാഠേ, ജനതാപാർട്ടിയിലെ ശ്രീ രാമകൃഷ്ണ ഹേഗ്ഡേ, ജനസംഘത്തിലെ ശ്രീ എൽ. കെ. അഡ്വാനി എന്നിവരെപ്പോലെ ശ്രീ ബി. കെ. നെഹ്റുവും ഇന്ത്യയിൽ ഇന്നു നിലവിലുള്ള പാർലമെൻററി ഗവണ്മെൻറിൻെറ സ്ഥാനത്തു പ്രസിഡൻഷ്യൽ സമ്പ്രദായത്തിലുള്ള ഒരു ഗവണ്മെൻറ് നിലവിൽവരുത്തുന്നതു് പ്രയോജനകരമായിരിക്കുമെന്നു വിശ്വസിക്കുന്നു.

മൂന്നു ലക്ഷ്യങ്ങൾ നേടുന്നതിനായിരിക്കണം ഭരണഘടനയിൽ മാററങ്ങൾ വരുത്തുന്നതെന്നു് ശ്രീ നെഹ്റു പറയുന്നു. രാഷ്ട്രത്തിൻെറ ഐക്യത്തിനും അഖണ്ഡതയ്ക്കും സ്ഥിരതയ്ക്കും എതിരായ ആക്രമണങ്ങളെ, ദീർഘകാലത്തേക്കു ചെറുത്തുനില്ക്കുന്നതിനു് ശക്തി നൽകുന്ന ഒരു സംഘടനാരൂപം വാർത്തെടുക്കുക എന്നതാണ് ഒന്നാമത്തെ ലക്ഷ്യം. രണ്ടാമതായി, ഈ സംഘടനയ്ക്കു വിധേയമായി ഭരണം, നിയമനിർമാണം, നീതിന്യായനിർവഹണം എന്നീ രംഗങ്ങളിൽ അധികാരത്തിൽ വരുന്നവർ സത്യസന്ധതയും യോഗ്യതയും നിഷ്പക്ഷതയും അർപ്പണബോധവുമുള്ളവരായിരിക്കുമെന്നു് ഉറപ്പുവരുത്തണം. ഇന്നു ഭരണം നടത്തുന്നതിലും നാളത്തെ ഭാഗധേയം രൂപപ്പെടുത്തുന്നതിലും തങ്ങൾക്കുകൂടി പങ്കുണ്ടെന്ന ബോധം കഴിയുന്നത്ര കൂടുതൽ ആളുകളിൽ ഉളവാക്കുകയെന്ന മൂന്നാമത്തെ ലക്ഷ്യത്തിനും ഈ രണ്ടു ലക്ഷ്യങ്ങളോടൊപ്പം പ്രാധാന്യമുണ്ടു്.

കേന്ദ്രത്തിലും സംസ്ഥാനങ്ങളിലും ഭരണത്തിനു ചുമതലപ്പെട്ട പ്രധാനമന്ത്രിയും മുഖ്യമന്ത്രിമാരും ഇപ്പോൾ നിയമസഭകളിൽ ഭൂരിപക്ഷമുള്ള പാർട്ടികളാൽ തിരഞ്ഞെടുക്കപ്പെടുന്നവരും, അധികാരത്തിൽ തുടരുന്നതിനു് ഈ പാർട്ടികളിലെ അംഗങ്ങളുടെ പിന്തുണ ആവശ്യമുള്ളവരുമാണ്. അതിനാൽ, രാഷ്ട്രത്തിൻെറ ദീർഘകാല താല്പര്യങ്ങളെ ബലികഴിച്ചും പാർട്ടിഅംഗങ്ങളുടെ തൽക്കാല–സ്വാർത്ഥ–താല്പര്യങ്ങൾ സാധിച്ചുകൊടുക്കാൻ അവർ നിർബന്ധരാകുന്നു. വിഭാഗീയവും പ്രാദേശികവും പലപ്പോഴും രാഷ്ട്രതാല്പര്യങ്ങൾക്കു ഹാനികരവുമായ നിയമസഭാംഗങ്ങളുടെ ഹ്രസ്വകാലതാല്പര്യങ്ങൾക്കുമുമ്പിൽ തലകുനിക്കുക എന്നതാണ് ഇന്ത്യയിൽ, കേന്ദ്രത്തിലും സംസ്ഥാനങ്ങളിലും സർക്കാരുകൾ ഇതുവരെ അനുവർത്തിച്ചുവന്ന നയം. ഈ പ്രീണനനയം ഒരു പ്രശ്നത്തെയും ഇന്നോളം പരിഹരിച്ചിട്ടില്ല; അതൃപ്തി കൂടുതൽ രൂക്ഷമാക്കുന്നതിനേ അതു് എക്കാലത്തും ഉപകരിച്ചിട്ടുള്ളു. രാഷ്ട്രതാല്പര്യത്തിനു കടകവിരുദ്ധമാണെങ്കിൽപ്പോലും വിഭാഗീയതാല്പര്യങ്ങളെ അടിച്ചമർത്താനുള്ള ചങ്കൂററം സ്വതന്ത്ര–ഇന്ത്യയിൽ ഒരു ഗവണ്മെൻറും ഇന്നോളം പ്രദർശിപ്പിച്ചിട്ടില്ല.

ജനാധിപത്യത്തിലെ രണ്ടു വികല്പങ്ങളാണല്ലോ പാർലമെൻററി സമ്പ്രദായവും പ്രസിഡൻഷ്യൽ സമ്പ്രദായവും. ഭരണനേതാവിനു് (ചീഫ് എക്സിക്യൂട്ടീവിനു്) അതാതു കാലത്തെ നിയമസഭാംഗങ്ങളെ പ്രീണിപ്പിക്കേണ്ടിവരില്ല എന്നതാണ് പ്രസിഡൻഷ്യൽ സമ്പ്രദായത്തിൻെറ മെച്ചം. കാരണം, പ്രസിഡൻഷ്യൽസമ്പ്രദായത്തിൽ ഭരണനേതാവിനെ (പ്രസിഡണ്ടിനെ, ഗവർണറെ)തിരഞ്ഞെടുക്കുന്നതു് നിയമസഭാംഗങ്ങളല്ല; നേരിട്ടോ, അല്ലാതെയോ ജനങ്ങളാണ്. അതിനാൽ നിയമസഭാംഗങ്ങളുടെ പിന്തുണയില്ലെങ്കിലും നിശ്ചിതകാലത്തോളം ഭരണംനടത്താൻ ഭരണനേതാവിനു കഴിയും. ഒരാളെ ഒന്നിലധികം

തവണ ഭരണനേതാവായി തിരഞ്ഞെടുക്കരുത് എന്നു നിയമമുണ്ടാക്കി യാൽ, രണ്ടാമതും തിരഞ്ഞെടുക്കപ്പെടാൻവേണ്ടി രാഷ്ട്രതാല്പര്യത്തിനെ തിരായ പ്രീണന-പ്രവർത്തനങ്ങളിൽ ഏർപ്പെടാൻ ഭരണനേതാവിനു പ്രലോഭനമുണ്ടാവുകയുമില്ല.

പ്രസിഡൻഷ്യൽസമ്പ്രദായത്തിൽ ഭരണനേതാവ് നിയമസഭാംഗ മല്ലാത്തതുപോലെ, നിയമസഭാംഗങ്ങളെയല്ല മന്ത്രിമാരായി ഭരണ നേതാവ് നിയമിക്കുക; നിയമസഭയ്ക്കു പുറത്ത് തങ്ങളുടെ യോഗ്യതയും സ്വഭാവശുദ്ധിയും പ്രവർത്തനങ്ങളിലൂടെ തെളിയിച്ച മററു ചിലരെയാ ണ്. ഗ്രൂപ്പുകളെ തൃപ്തിപ്പെടുത്താനും, എല്ലാ വിഭാഗങ്ങൾക്കും പ്രാതി നിധ്യം നൽകാനും മററുമായി ഒരുപററം അയോഗ്യരെ മന്ത്രിമാരായി വാഴിക്കുന്ന ഇന്നത്തെ സമ്പ്രദായത്തിനു് പ്രസിഡൻഷ്യൽസമ്പ്രദായ ത്തിൽ പ്രസക്തിയില്ല.

ഇന്ത്യയെപ്പോലെ വിശാലമായ ഒരു രാജ്യത്ത് കേന്ദ്ര—സംസ്ഥാന തലങ്ങളിൽ ഭരണനേതാക്കളെ എല്ലാ വോട്ടർമാരുടെയും നേരിട്ടുള്ള വോട്ടിനെ ആധാരമാക്കി തിരഞ്ഞെടുക്കുക പ്രയാസമാവുമെന്ന് ശ്രീ നെഹ്റു കരുതുന്നു. പ്രായപൂർത്തിവോട്ടവകാശത്തിന്റെ അടിസ്ഥാന ത്തിൽ പഞ്ചായത്തുകളും മുനിസിപ്പാലിററികളും തിരഞ്ഞെടുക്കുക, പഞ്ചായത്ത്—മുനിസിപ്പാലിററി അംഗങ്ങളുടെ വോട്ടുകൾകൊണ്ട് ഡിസ്ട്രിക്ട് ബോർഡുകൾ തിരഞ്ഞെടുക്കുക ഡിസ്ട്രിക്ട്ബോഡ് അംഗങ്ങളുടെ വോട്ടുകൾകൊണ്ട് സംസ്ഥാനങ്ങളിൽ ഗവർണർമാരെ യും കേന്ദ്രത്തിൽ പ്രസിഡണ്ടിനെയും തിരഞ്ഞെടുക്കുക എന്ന നേരിട്ടല്ലാ തെയുള്ള, തിരഞ്ഞെടുപ്പുസമ്പ്രദായമായിരിക്കും കൂടുതൽ പ്രായോഗിക മെന്നാണ് അദ്ദേഹത്തിന്റെ അഭിപ്രായം. രാജ്യത്തിൽ എല്ലാ പ്രദേശ ങ്ങളിലെയും ജനങ്ങൾക്ക് ഭരണനേതാവിൽ വിശ്വാസമുണ്ടെന്ന് ഉറപ്പു വരുത്താൻവേണ്ടി, മൊത്തം പോൾചെയ്യുന്ന വോട്ടുകളുടെ ഭൂരിപക്ഷ ത്തിനു പുറമേ, എല്ലാ സ്റ്റേററുകളിലെയും, സ്റ്റേററുകളിൽ എല്ലാ പ്രദേശ ങ്ങളിലെയും, വോട്ടുകളിൽ ഒരു നിശ്ചിതമിനിമം നേടണമെന്നത് ഭരണനേതാവായി തിരഞ്ഞെടുക്കപ്പെടുന്നതിന് അനുപേക്ഷണീയമാക്കു ന്ന നിയമമുണ്ടായിരിക്കണം എന്ന് ശ്രീ നെഹ്റു പറയുന്നു.

ഭരണനേതാവും മന്ത്രിമാരും നിയമസഭകളുമടങ്ങിയ രാഷ്ട്രീയ നേതൃ ത്വം ആവിഷ്കരിക്കുന്ന നയങ്ങളും രൂപപ്പെടുത്തുന്ന പരിപാടികളും നട പ്പിൽവരുത്തേണ്ടത് സിവിൽ—ജുഡീഷ്യൽ—ഉദ്യോഗസ്ഥന്മാരാണല്ലോ. ഈ ഉദ്യോഗസ്ഥന്മാർ അഴിമതിക്കാരാണെങ്കിൽ, രാഷ്ട്രീയനേതൃത്വ ത്തിന്റെ ഗുണമേന്മ ഏതു വിധത്തിലുള്ളതാണെങ്കിലും, ജനങ്ങൾക്കു ദുർഭ രണമേ ലഭിക്കുകയുള്ളു. സിവിൽ—ജുഡീഷ്യൽ ഉദ്യോഗസ്ഥന്മാർ നി യമത്തിന്റെയും നീതിയുടെയും മാർഗത്തിൽനിന്നു വ്യതിചലിക്കുന്നതി നുള്ള ഒരു കാരണം അവരിൽ രാഷ്ട്രീയപ്പാർട്ടികൾ ചെലുത്തുന്ന അവി ഹിതസ്വാധീനമാകുന്നു. ഈ സ്വാധീനം ഒഴിവാക്കുന്നതിനായി, സിവിൽ—ജുഡീഷ്യൽ ഉദ്യോഗസ്ഥന്മാരുടെ നിയമനത്തിലെന്നപോ ലെ, പ്രൊമോഷൻ, ട്രാൻസ്ഫർ മുതലായവയിലും രാഷ്ട്രീയനേതാക്കളു ടെ കൈകടത്തൽ തികച്ചും ഒഴിവാക്കണം. ഉദ്യോഗസ്ഥനിയമനം രാ ഷ്ട്രീയസ്വാധീനത്തിൽനിന്നു മോചിതമാകണമെങ്കിൽ, പബ്ലിക് സർവ്വീ സ് കമ്മീഷനിലെ അംഗത്വം പാർട്ടികൾ പങ്കിട്ടെടുക്കുന്ന പതിവ് അവസാനിപ്പിക്കണം. പ്രൊമോഷൻ, ട്രാൻസ്ഫർ മുതലായവ നിയ ന്ത്രിക്കുന്നിനു സിവിൽ സർവീസിനകത്തുതന്നെ ഉചിതമായ സംവിധാന ങ്ങൾ ഏർപ്പെടുത്തുകയും വേണം. എം. എൽ. എ.യുടെയോ, എം. പി. യുടെയോ, മന്ത്രിയുടെയോ ഇടപെടൽ വകവയ്ക്കാതെ, നിഷ്പക്ഷമായി നിയമം നടപ്പിൽവരുത്താൻ അതാതു തലത്തിലുള്ള ഉദ്യോഗസ്ഥന്മാർക്കു

സാദ്ധ്യമാവണം. അവരുടെ അപഥസഞ്ചാരം തടയുന്നതിന് ഇപ്പോരം ത്തന്നെ ധാരാളം നിയമങ്ങളുണ്ട്. പോരാത്തവ യഥാകാലം നിർമിക്കാവുന്നതുമാണ്.

പോലീസിൻെറ നടപടികളിൽ രാഷ്ട്രീയക്കാർ പ്രാദേശികതലത്തിൽ കൈകടത്തുമ്പോഴാണ നീതിയുടെ നിഷേധം ഏററവും ദുസ്സഹമായി പൊതുജനങ്ങരംക്ക് അനുഭവപ്പെടുന്നത്. 'സെൽഭരണം' എന്ന പേരിൽ അറിയപ്പെടുന്നത് ഈ കൈകടത്തലാണല്ലോ. കൊലയാളികരംക്കും കൊള്ളക്കാർക്കും രാഷ്ട്രീയപ്പാർട്ടിക്കാർ സംരക്ഷണം നല്കുന്നതും, ഇത്തരം ജനദ്രോഹികരംക്കെതിരെ നടപടികളെടുക്കുന്ന നീതിമാന്മാരായ പോലീസുദ്യോഗസ്ഥരെ ദ്രോഹിക്കുന്നതും, തെളിവുകരം തേച്ചുമാച്ചും പ്രോസിക്യൂഷൻരേഖകരം താറുമാറാക്കിയും കററക്കാരെ ശിക്ഷയിൽനിന്ന് ഒഴിവാക്കുന്നതും നാം അറിയാത്തതല്ല. ഇതിനു പരിഹാരം, കേസ്സുകരം അന്വേഷിക്കുന്നതിനും (ഇൻവെസ്റ്റിഗേഷൻ) കററക്കാർക്കെതിരെ കോടതികളിൽ നടപടികരം എടുക്കുന്നതിനും (പ്രോസിക്യൂഷൻ) പോലീസിൽ പ്രത്യേക വിഭാഗങ്ങരം ഉണ്ടാക്കുകയും, ഈ വിഭാഗങ്ങളെ സിവിൽ ഉദ്യോഗസ്ഥന്മാരുടെ നിയന്ത്രണങ്ങളിൽനിന്നു വിടർത്തി നേരിട്ട് ഹൈക്കോടതിയുടെ അധികാരത്തിൻകീഴിൽ കൊണ്ടുവരികയുമാണെന്ന് ശ്രീ നെഹ്റു നിർദേശിക്കുന്നു. പല യൂറോപ്യൻരാജ്യങ്ങളിലും ഈ സമ്പ്രദായമാണ് ഇപ്പോരം നിലവിലുള്ളത് എന്ന് അദ്ദേഹം ചൂണ്ടിക്കാണിക്കുന്നു.

അപ്പോരം, നിയമസഭകരംക്കു ഭരണനിർവഹണവുമായി ഒരു ബന്ധവും വേണ്ടെന്നാണോ? നയം നിർണയിക്കുന്നതിലും നിയമങ്ങരം നിർമിക്കുന്നതിലുമല്ലാതെ, ഭരണകാര്യങ്ങളുടെ ദൈനംദിന നിർവഹണത്തിൽ നിയമസഭകരം നേരിട്ടു ബന്ധപ്പെടേണ്ടതില്ലെന്ന് ശ്രീ നെഹ്റു പറയുന്നു. നിയമനിർമാണവും ഭരണനിർവഹണവും പരസ്പരം ബന്ധപ്പെട്ടു കൂടെന്നത് ജനാധിപത്യത്തിൻെറ ഒരു അടിസ്ഥാനതത്ത്വമാകുന്നു. നിയമസഭാംഗങ്ങരം മന്ത്രിമാരാവരുത്. ഗവണ്മെൻറിനു കീഴിൽ, പ്രതിഫലം കിട്ടുന്ന ഒരു ജോലിയും അവർ സ്വീകരിക്കുകയുമരുത്. സക്കാർ നിയമിക്കുന്ന ബോർഡുകരം (ദേവസ്വം ബോർഡ് ഒരു ഉദാഹരണം), കോർപ്പറേഷനുകരം (ഇവ ഇപ്പോരം കണക്കററു പെരുകിയിരിക്കുന്നു), കമ്പനികരം, കമ്മീഷനുകരം മുതലായവയിൽ അംഗങ്ങളായിരുന്ന് നിയമസഭാംഗങ്ങരം പ്രതിഫലം വാങ്ങുന്നത് നിയമവിരുദ്ധമെന്നു മാത്രമല്ല, പ്രകടമായ അഴിമതികൂടിയാകുന്നു. ഈ അഴിമതി അവസാനിപ്പിച്ചാൽ, സ്വാത്മമോഹികരം നിയമസഭാംഗത്വത്തിനു തള്ളിക്കയറി വരാതാവും; നിയമസഭാംഗത്വത്തിനുവേണ്ട പഠിപ്പും പരിചയവും യോഗ്യതയും സേവനമനഃസ്ഥിതിയും ഉള്ളവർക്ക് ആ പദവി ലഭിക്കുന്നതു കൂടുതൽ എളുപ്പമാവുകയുംചെയ്യും. നിയമസഭാംഗങ്ങരംക്ക് ഇന്നുള്ള പേരുദോഷം തീർന്നുകിട്ടാൻ ഇതൊന്നേ മാർഗമുള്ളു.

ഭരണത്തിൽ തങ്ങരംക്കും പങ്കാളിത്തമുണ്ടെന്നുള്ള ബോധം സാധാരണ ജനങ്ങളിൽ ഉളവാക്കുകയെന്ന പരമപ്രധാനമായ ലക്ഷ്യം എങ്ങനെ നേടാം? ഇതിനു ചെയ്യേണ്ടത് ഭരണം പരമാവധി വികേന്ദ്രീകരിക്കുകയാകുന്നു. ഭരണം വികേന്ദ്രീകരിക്കുക എന്നതിന് അർത്ഥം ഇപ്പോരം കേന്ദ്രത്തിൽ നിക്ഷിപ്തമായ പല അധികാരങ്ങളും സ്റ്റേററുകരംക്കു വിട്ടുകൊടുക്കുക എന്നല്ല. മറിച്ച്, ഛിദ്രശക്തികളുടെ അഴിഞ്ഞാട്ടത്തിൻെറ അനിവാര്യപരിണാമമെന്നനിലയിൽ ഇന്ത്യയെന്ന രാഷ്ട്രം പല തുണ്ടുകളായി പൊട്ടിച്ചിതറി നശിച്ചുപോകാതിരിക്കണമെങ്കിൽ, പല മേഖലകളിലും കേന്ദ്രത്തിൻെറ അധികാരങ്ങരം ഇനിയങ്ങോട്ട് കൂടുതൽ ബലപ്പെടുത്തുന്നത് ആവശ്യമല്ലേ എന്നും ചിന്തിക്കേണ്ടിയിരിക്കുന്നു.

ഒരു രാഷ്ട്രമെന്നനിലയിൽ ഇന്ത്യയുടെ ഐക്യത്തിനും അഖണ്ഡതയ്ക്കുമുള്ള വലിയൊരു ഗ്യാറൻറിയാണ് അഖിലേന്ത്യാ സർവീസുകൾ. ഓരോ സ്റ്റേററിലെയും ചീഫ് ജസ്റ്റീസ് മറെറാരു സ്റ്റേററിൽ പിറന്ന ആളായിരിക്കണമെന്ന് ഇപ്പോൾ നിഷ്കർഷിച്ചുതുടങ്ങിയിട്ടുണ്ടല്ലോ. ചീഫ് സെക്രട്ടറി, പോലീസ് ഐ. ജി. മുതലായ മററു ചില മുഖ്യ–ഉദ്യോഗസ്ഥന്മാരുടെ കാര്യത്തിലും ഈ നിയമം ബാധകമാക്കുന്നത്, ഭരണനിർവഹണത്തിൽ കൂടുതൽ നിഷ്പക്ഷത നിലവിൽ വരുത്തുന്നതിന് ഉപകരിക്കുമെന്ന് ശ്രീ നെഹ്റു കരുതുന്നു.

ഭരണം കൂടുതൽ കാര്യക്ഷമമാക്കുന്നതിനും, കേന്ദ്രത്തിൽ എല്ലാ സ്റ്റേററുകൾക്കും സ്വാധീനം ഏറെക്കുറെ തുല്യമാക്കുന്നതിനുമായി ഉത്തർപ്രദേശ്പോലെയുള്ള വലിയ സ്റ്റേററുകൾ രണ്ടോ, മൂന്നോ ആയി വിഭജിക്കണമെന്ന് ശ്രീ നെഹ്റു നിർദേശിക്കുന്നു.

ഭരണം വികേന്ദ്രീകരിച്ച്, പഞ്ചായത്തുകൾക്കും മുനിസിപ്പാലിററികൾക്കും കൂടുതൽ അധികാരങ്ങൾ നൽകുന്നതോടെ, അവയിലേക്കുള്ള തിരഞ്ഞെടുപ്പ് പാർട്ടി അടിസ്ഥാനത്തിലല്ലാതാക്കുകയും വേണം. പഞ്ചായത്തുകളും മുനിസിപ്പാലിററികളും നൽകുന്ന ജനസേവനം പാർട്ടി നിരപേക്ഷമാണ്. ഈ തലത്തിൽ പാർട്ടികൾ ഇടപെടുന്നത് ഏതെങ്കിലും സേവനം നിർവഹിക്കാനല്ല; തങ്ങളുടെ വോട്ടുബാങ്കുകൾ ശക്തിപ്പെടുത്താൻ മാത്രമാണ്. തിരഞ്ഞെടുപ്പ് പാർട്ടിഅടിസ്ഥാനത്തിലല്ലാതാകുമ്പോൾ, കൂടുതൽ മെച്ചപ്പെട്ട അംഗങ്ങളെ പഞ്ചായത്തിലേക്കും മുനിസിപ്പാലിററിയിലേക്കും അയയ്ക്കാൻ ജനങ്ങൾക്കു സാധിച്ചേക്കും. ഏററവും അടിയിലെ തലത്തിൽ ഭരണം കാര്യക്ഷമമാക്കുന്നതിന് ഇതുമൂലം സാദ്ധ്യമാവുകയുംചെയ്യും.

പഞ്ചായത്ത്–മുനിസിപ്പാലിററി അംഗങ്ങൾ ഡിസ്ട്രിക്ട് ബോർഡ് അംഗങ്ങളെയും, അവർ സ്റ്റേററ്–കേന്ദ്ര തലങ്ങളിലെ ഭരണനേതാക്കളെയും തിരഞ്ഞെടുക്കുക എന്ന രീതി നടപ്പിലാവുമ്പോൾ, തിരഞ്ഞെടുക്കപ്പെടുന്നവർക്ക് കൂടുതൽ യഥാർത്ഥ ജനപ്രാതിനിധ്യം കൈവരുമെന്ന് ശ്രീ നെഹ്റു പറയുന്നു. ഇന്നത്തെ വ്യവസ്ഥയിൽ, ബഹുകോണമത്സരങ്ങളിലൂടെ തിരഞ്ഞെടുക്കപ്പെടുന്നവർ പലരും ഭൂരിപക്ഷം വോട്ടുകൾ നേടിയവർ അല്ലല്ലോ? (ഒരു സ്ഥാനത്തിന് പത്തുപേർ മത്സരിക്കുന്നുണ്ടെങ്കിൽ, വെറും പതിനൊന്നു ശതമാനം വോട്ടു കിട്ടിയവർക്കും ജയിക്കാമല്ലോ.) നേരിട്ടല്ലാതെയുള്ള തിരഞ്ഞെടുപ്പിൻെറ മറെറാരു ഗുണം, വോട്ടുചെയ്യുംമുമ്പ് സ്ഥാനാർത്ഥിയെ അടുത്തറിയാൻ വോട്ടർമാർക്ക് അവസരം കിട്ടുന്നു എന്നതാണ്.

വോട്ടുപിടിക്കുക, പൊതുഖജനാവ് പങ്കിട്ടുകൊടുക്കുക എന്ന രണ്ടു 'കടമ'കൾ മാത്രമേ ഇന്ത്യയിൽ ഇന്നു രാഷ്ട്രീയപ്പാർട്ടികൾ നിർവഹിക്കുന്നുള്ളു എന്ന ശ്രീ നെഹ്റുവിൻെറ നിരീക്ഷണത്തോടു വിയോജിക്കുന്നവർകൂടി പഞ്ചായത്ത്–മുനിസിപ്പാലിററി എന്നീ അടിസ്ഥാന ജനാധിപത്യമേഖലകളിലും, ഭരണനിർവഹണത്തിലും, നീതിന്യായനിർവഹണത്തിലും പാർട്ടിസ്വാധീനം ഒഴിവാക്കപ്പെടണമെന്ന അദ്ദേഹത്തിൻെറ നിർദേശം അംഗീകരിക്കാതിരിക്കുകയില്ല.

ഭാരതീയസമൂഹത്തിൽ ഇന്നു വലിയ തോതിൽ പരന്നിട്ടുള്ള അഴിമതിയെ വളംവെച്ചു വളർത്തിയതു് ഇന്നത്തെ രാഷ്ട്രീയസംവിധാനമാണ്. ചൊട്ടുവിദ്യകൾകൊണ്ടൊന്നും അഴിമതിക്കു പരിഹാരം കാണാനാവില്ല. മൗലികവും സംരചനാപരവും (സ്ട്രക്ചറൽ) ആയ മാററങ്ങൾകൊണ്ടേ ഈ പ്രശ്നത്തെ നമുക്കു സമീപിക്കാൻപോലും കഴിയൂ. ഈ പശ്ചാത്തലത്തിൽ, ദീർഘകാല ഭരണപരിചയമുള്ള ഒരു ഭരണകർത്താവായ ശ്രീ ബി. കെ. നെഹ്റുവിൻെറ നിർദേശങ്ങൾ ഗൗരവപൂർവം

ചർച്ചചെയ്യപ്പെടേണ്ടവയാണ്. പ്രശ്നങ്ങറംക്കുള്ള പരിഹാരങ്ങറം ജനാധിപത്യത്തിൽ ചർച്ചകളിലൂടെയല്ലാതെ ഉരുത്തിരിഞ്ഞുവരികയില്ലല്ലോ?

(12 മാർച്ച്, 1987)

## 27. രാമറാവുവിൻെറ മുൻകൈ

ജനാധിപത്യത്തിൽ അഴിമതിയുടെ ഒരു മുഖ്യ സ്രോതസ്സ് തിരഞ്ഞെടുപ്പാകയാൽ, തിരഞ്ഞെടുപ്പുനിയമങ്ങറം പരിഷ്കരിക്കാതെ രാഷ്ട്രീയതലത്തിലുള്ള അഴിമതി തടയുക പ്രയാസമായിരിക്കുമെന്ന് പ്രതിപാദിച്ചുകൊണ്ട് ഈ പംക്തികളിൽ പലകുറി ഞാൻ എഴുതിയിട്ടുണ്ട്. ശ്രീ സി. സുബ്രഹ്മണ്യം തുടങ്ങി ഇരുപത്തെട്ട് പ്രമുഖപൗരന്മാർ ചേർന്ന് രാഷ്ട്രീയതലത്തിലുള്ള അഴിമതി തടയുന്നതിന് ഉന്നയിച്ച തിരഞ്ഞെടുപ്പുനിയമ—പരിഷ്കരണനിർദേശങ്ങറം 1987 സെപ്തംബർ 27—ലെ 'കുങ്കുമ'ത്തിൽ ഏറെക്കുറെ വിസ്തരിച്ചുതന്നെ ചർച്ചചെയ്തിരുന്നു. 1. രാഷ്ട്രീയപ്പാർട്ടികളുടെ വരുമാനവും ചെലവും ആണ്ടുതോറും പരസ്യമായി ആഡിററുചെയ്യുക, 2. തിരഞ്ഞെടുപ്പിനു് പാർട്ടികളോ, വ്യക്തികളോ, സഹായികളോ ചെയ്യുന്ന ചെലവ് കർശനമായി പരിമിതപ്പെടുത്തുക, 3. അനുവദിക്കാവുന്ന ചെലവുകറംക്ക് സ്ഥാനാർത്ഥികറംക്കും പാർട്ടികറംക്കും സർക്കാർ ഖജനാവിൽനിന്ന് പണം നൽകുക, 4. മേല്പറഞ്ഞ കാര്യങ്ങറംക്കായി ഒരു സ്വതന്ത്രസംവിധാനം നിയമാനുസൃതം നിർമിക്കുക എന്നിവയായിരുന്നു ചുരുക്കത്തിൽ ഈ നിർദേശങ്ങറം.

'തിരഞ്ഞെടുപ്പു പരിഷ്കരണങ്ങറം' (ഇലക്ടോറൽ റീഫോംസ്) എന്ന പേരിൽ ഈയിടെ പ്രസിദ്ധംചെയ്ത ഒരു ലഘുലേഖയിൽ ആന്ധ്രപ്രദേശ് മുഖ്യമന്ത്രി ശ്രീ എൻ. ടി. രാമറാവു, അഴിമതി നിരോധിക്കാൻ കേന്ദ്രതലത്തിലും സ്റ്റേററുതലത്തിലും ഉടൻ ചെയ്യേണ്ട കാര്യങ്ങളെപ്പററി വിശദമായ ചില നിർദേശങ്ങറം ഉന്നയിച്ചിട്ടുണ്ട്. അടുത്തു നടക്കാനിരിക്കുന്ന ആന്ധ്രപ്രദേശിലെ പഞ്ചായത്ത്—മുനിസിപ്പൽ തിരഞ്ഞെടുപ്പുകളിൽ പ്രായോഗികമാക്കാൻ ഉദ്ദേശിക്കുന്നവയാണ് ഈ നിർദേശങ്ങളിൽ ചിലവ. ആ നിലയിൽ ഈ നിർദേശങ്ങറം സുപ്രധാനങ്ങളാണ്. പാർലമെൻറിൻെറ ഇന്നു തുടങ്ങുന്ന ശീതകാലസമ്മേളനത്തിൽ രാമറാവുവിൻെറ ലഘുലേഖ ചർച്ചാവിഷയമാകാനിടയുണ്ട്. തിരഞ്ഞെടുപ്പിൽ അഴിമതി തടയണമെന്ന് ആഗ്രഹമുണ്ടെങ്കിൽ, കേരളത്തിലെ നിയമസഭാംഗങ്ങറംക്കും ഇപ്പോറം നടന്നുവരുന്ന അസംബ്ലി സമ്മേളനത്തിൽ ഈ ലഘുലേഖയിലെ നിർദേശങ്ങറം പരിഗണിക്കാവുന്നതാണ്.

ആറ് അദ്ധ്യായങ്ങളും ഒരു മുഖവുരയും (പ്രോലോഗ്) ആയി രാമറാവുവിൻെറ ലഘുലേഖ വിഭജിക്കപ്പെട്ടിരിക്കുന്നു. മുഖവുരയിൽ അദ്ദേഹം ഇങ്ങനെ പറയുന്നു:

'ജനപ്രാതിനിധ്യഭരണത്തിൻെറ ആരോഗ്യം മുഖ്യമായി സ്ഥിതിചെയ്യുന്നതു് തിരഞ്ഞെടുപ്പുപ്രക്രിയയുടെ നീതിനിഷ്ഠതയിലും ഫലപ്രദത്വത്തിലും ആകുന്നു. നമ്മുടെ ജനാധിപത്യരാഷ്ട്രത്തിൻെറ അസ്തിവാരം ബലപ്പെടുത്താൻ തിരഞ്ഞെടുപ്പുസമ്പ്രദായത്തിൽ ചില പരിഷ്കാരങ്ങറം വരുത്തേണ്ടതുണ്ട്. തിരഞ്ഞെടുപ്പുസമ്പ്രദായം എല്ലാ പൗരന്മാർക്കും അവസരസമത്വം നൽകുകയും, സമത്വാധിഷ്ഠിതസമൂഹം നിലവിൽ വരുത്താൻ സഹായിക്കുകയും വേണം. ഇതിനായി ഇന്നു രാജ്യത്തു നില